(സി) നയപരമായ തീരുമാനം ആവശ്യമായതിനാൽ പരിശോധിക്കുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

കായികരംഗത്ത് വിവിധ തലങ്ങളിൽ പങ്കെടുക്കുന്ന എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ഗ്രേസ് മാർക്ക് നിലനിർത്താൻ നടപടി

137 [3318] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്ത് വിവിധ തലങ്ങളിൽ പങ്കെടുക്കുന്ന എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകി വരുന്ന ഗ്രേസ് മാർക്ക് നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നതോടുകൂടി ഗ്രേസ് മാർക്ക് ഒഴിവാക്കുന്നുണ്ടോ;

(സി) കായികരംഗത്തേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാനും പ്രസ്തുത രംഗം പരിപോഷിപ്പിക്കാനും വിവിധ തലങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഇപ്പോൾ നൽകുന്നതുപോലെ ഗ്രേഡ് സമ്പ്രദായത്തിലും ഗ്രേസ് മാർക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നതോടുകൂടി പ്ലസ്വൺ പ്രവേശനത്തിന് സ്പോർട്സ് കാട്ട സംവരണം നിർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നതോടെ ഗ്രേസ് മാർക്ക് ഇല്ലാതാകുന്നതാണ്. പക്ഷെ പാർട്ട് II-ൽ പ്രവൃത്തി പരിചയം, കലാപഠനം, ആരോഗ്യവും കായിക വിദ്യാഭ്യാസവും എന്നീ വിഷയങ്ങളിൽ കുട്ടികളുടെ കഴിവ് വിലയിരുത്തപ്പെടുന്നുണ്ട്. പ്രസ്തുത വിഷയങ്ങളിൽ കുട്ടികളുടെ പ്രാഗൽഭ്യം കണക്കിലെടുത്ത് തുടർ പഠനത്തിന്റെ അഡ്മിഷൻ സമയത്ത് പാർട്ട് II-ന് ഒരു നിശ്ചിത വെയിറ്റേജ് നൽകുന്നതാണ്. അതിനാൽ കായികതാരങ്ങൾക്ക് പ്രസ്തുത ആനുകൂല്യം തുടർന്നും ലഭിക്കുന്നതാണ്.

(സി) എ, ബി പിരിവുകളുടെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly